**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടർ (എ&റ്റി) യുടെ നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തിക-പൊതു സ്ഥലം മാറ്റം 2025 അന്തിമ പട്ടികയിൽ ഭേദഗതി വരുത്തി ജീവനക്കാർക്ക് സ്ഥാപനം അനുവദിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.സ.ഉ(പി) നം.03/2017/P&RD തീയതി:25/02/2017

2.സ.ഉ (സാധാ)നം.729/2025 തീയതി.11/03/2025

3.സർക്കുലർ നം ഇ.എച്ച് 1-28887/2025 തീയതി.14/03/2025

4.ജീവനക്കാർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ

5.ഉത്തരവ് നം.ആവഡ/11183/2025/ഇഇ4, തീയതി:29-05-2025

**ഉത്തരവ് നം: 11183/2025/ഇഇ4, തീയതി:** 13-06-2025

---

മേൽ പരാമർശം സർക്കാർ ഉത്തരവ് (1)-ന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2025-ലെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫാർമസിസ്റ്റ് ഗ്രേഡ് 1 തസ്തികയുടെ അന്തിമ സ്ഥലം മാറ്റ പട്ടിക പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. കരട് പട്ടികയിൽ നിന്നും വ്യത്യസ്തമായി പുതിയതായി ചേർക്കപ്പെടുകയോ ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുള്ള ജീവനക്കാർക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ പരാതി നൽകുന്നതിന് സമയം അനുവദിച്ചിരുന്നു. അപ്രകാരം ലഭ്യമായ അപേക്ഷകൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ചു. ഇതിൽ പരിഗണന അർഹിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള പരാതികൾ പരിഹരിക്കുന്നതിനായി മേൽ പരാമർശം (5) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പട്ടികയിൽ നിന്നും താഴെ പറയുന്ന ജീവനക്കാരെ ഒഴിവാക്കി നിലവിലെ സ്ഥാപനത്തിൽ നിലനിർത്തി ഇതിനാൽ ഉത്തരവാകുന്നു.

| Sl. No. | Sl.No. in ref.(5) | PEN | Name and Present Institution | Remarks |
|---|---|---|---|---|
| 1 | 8 | 491177 | Sujith.R<br>Taluk Hospital Nemom | Dependent of Para military Employee |
| 2. | 72 | 619058 | Resmi.G.Nair<br>PHC Nadathara-Thrissur | Compassionate Grounds |
| 3. | 91 | 366767 | Siji.M<br>General Hospital Kozhikode | Compassionated Grounds |
| 4. | 95 | 587342 | Ranjith.T.K<br>24X7 PHC Kunnamangalam | Junior in Kozhikode |
| 5. | 96 | 573085 | Rubiyana.A<br>PHC Mangad | Junior in Kozhikode |

കൂടാതെ പരാമർശം(5-) ഉത്തരവിലെ താഴെപ്പറയുന്ന ക്രമ നമ്പർ പ്രകാരമുള്ള ജീവനക്കാർക്ക് അനുവദിച്ച ജില്ല മാറ്റി പകരം ജില്ല അനുവദിച്ച് ഉത്തരവാകുന്നു.

ക്രമ നം.(9-) ശ്രീമതി.അനുഷ,എസ്.കെയ്ക്ക് (DMH പേരൂർക്കട) തൃശ്ശൂർ ജില്ലയ്ക്ക് പകരം പത്തനംതിട്ട ജില്ല നൽകി ഉത്തരവാകുന്നു.

ക്രമ നം.(40) ശ്രീമതി.രശ്മി ജോർജ്(FHC പാണവള്ളി) ന് ഇടുക്കി ജില്ലയ്ക്ക് പകരം കോട്ടയം ജില്ല നൽകി ഉത്തരവാകുന്നു.

ക്രമ നം.(51) ശ്രീമതി.രശ്മി മോഹന്(W&C മട്ടാഞ്ചേരി) പാലക്കാട് ജില്ലയ്ക്ക് പകരം

ആലപ്പുഴ ജില്ല നൽകി ഉത്തരവാകുന്നു.

ക്രമ.നം.(94) ശ്രീ.സന്തോഷ് കുമാർ ചടെൻടവിട(THQH Feroke)യ്ക്ക് വയനാട് ജില്ലയ്ക്ക് പകരം കണ്ണൂർ ജില്ല നൽകി ഉത്തരവാകുന്നു.

വയനാട് ജില്ലയിൽ ദുർഘട മേഖലയിൽ 2 വർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്ന ശ്രീമതി.ദിവ്യ.S.ധർമ്മൻ(PEN:736648, CHC Periya-Wayanad) ന്റെ അപേക്ഷ പരിഗണിച്ച് ടിയാന് കൊല്ലം ജില്ലയിലുണ്ടായ ഒഴിവിലേക്ക് നിയമനം നൽകി ഉത്തരവാകുന്നു.

ഫാർമസിസ്റ്റ് ഗ്രേഡ് I- തസ്തികയിൽ കോഴിക്കോട് ജില്ലയിൽ ചുവടെ ചേർക്കുന്ന ജീവനക്കാർ ജില്ലയിൽ സീനിയർ ആണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരെ പൊതു സ്ഥലം മാറ്റ അന്തിമ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

| Sl.No. | PEN | Name & Present Institution | District allotted in the final list | Remarks |
|---|---|---|---|---|
| 1. | 367207 | Raju Thomas<br>District Hospital Vadakara | Wayanad | Senior most in the District |
| 2. | 313255 | Roy Francis.V<br>Mental Health Center Kuthiravattom | Wayanad | Senior most in the District |

പരാമർശം (5) പ്രകാരമുള്ള ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ജില്ലാ മെഡിക്കൽ ഓഫീസർമാർ ടി ജീവനക്കാർക്ക് അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതും, നിയമന ഉത്തരവ് ലഭിച്ചതിനു ശേഷം മാത്രം സ്ഥാപന മേധാവികൾ ടി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതുമാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് വിടുതൽ/പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
Sakeena Karayil Jafar
Date: 13-06-2025 10:54:00

**അഡീഷണൽ ഡയറക്ടർ(എ&റ്റി)**

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
3. ഫയൽ / കരുതൽ ഫയൽ